കക്ഷികളും സ്റ്റേഷനിൽ ഹാജരായി ബാബുനായർ പറഞ്ഞതനുസരിച്ച് എതിർ കക്ഷികളുമായുള്ള പണമിടപാടുകൾ സംബന്ധിച്ച പ്രശ്നം തീർക്കുന്നതുവരെ ടി മെഷീൻ എതിർകക്ഷികൾതന്നെ സൂക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ)-(എഫ്) ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടില്ല.

പോലീസുകാരൻ മദ്യപിച്ചു മരിച്ച സംഭവം

71 (727)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കമ്പംമേട് പോലീസ് സ്റ്റേഷനിൽ ഒരു പോലീസുകാരൻ മദ്യം കുടിച്ച് മരിക്കുകയും മറ്റ് രണ്ട് പോലീസുകാർ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തെപ്പറ്റി ഏതെങ്കിലും തലത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയത്; അന്വേഷണത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) മദ്യം കഴിച്ചതായി പറയുന്ന സമയത്ത് ഉദ്യോഗസ്ഥൻമ്മാർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലായിരുന്നോ; അന്വേഷണത്തിൽ മരണ കാരണം എന്തെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) സ്റ്റേഷനിൽ ഡ്യൂട്ടിയിലായിരുന്ന പോലീസുകാർക്ക് എങ്ങനെയാണ് മദ്യം കിട്ടിയതെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(എഫ്)മദ്യം എത്തിച്ച് കൊടുത്തത് ആരാണ്; എവിടെനിന്നാണ് തുടങ്ങിയ വിവരം അന്വേഷണ റിപ്പോർട്ടിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ജി) മദ്യം കൊണ്ടുവന്നത് പോലീസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരനാണോ; എങ്കിൽ അയാളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ്;

(എച്ച്) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ മുൻകരുതൽ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ)-(എച്ച്) ഇടുക്കി ജില്ലയിലെ കമ്പംമേട്ട് മദ്യം കഴിച്ച് സാബു.പി.ചാണ്ടി എന്ന പോലീസുകാരൻ മരണമടയുകയും മറ്റു രണ്ടു പോലീസുകാർ ചികിത്സയിൽ കഴിയുകയുമുണ്ടായ സംഭവത്തെക്കുറിച്ച് കമ്പംമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 79/97 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്തന്വേഷണം നടത്തുകയുണ്ടായി. കേസന്വേഷണം പൂർത്തിയാക്കി 15.9.98-ന് ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. വിഷാംശം കലർന്ന കുപ്പിയിൽ മദ്യം പകർന്നു കഴിച്ചതിനെത്തുടർന്നാണ് സാബു പി.ചാണ്ടി മരണമടഞ്ഞതെന്നാണ് അന്വേഷണത്തിൽ അറിവായിട്ടുള്ളത്. കേസ്സ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. പോലീസ് സ്റ്റേഷനുകളിലോ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ആഫീസുകളിലോ മദ്യം ഉപയോഗിക്കരുതെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വകാര്യ കേബിൾ റിലേ കേന്ദ്രം തീവെച്ചു യുവാക്കളെ ചുട്ടുകൊന്ന കേസ്സ്

72 (728)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ സ്വകാര്യകേബിൾ റിലേ കേന്ദ്രം തീവച്ച് യുവാക്കളെ ചുട്ടുകൊന്ന കേസ്സിന്റെ അന്വേഷണം ഏതുവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലപ്പെട്ട യുവാക്കൾ ആരെല്ലാമായിരുന്നു;

(സി) ഈ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രതികൾ ആരെല്ലാമാണ്; ഇനി എത്രപേരെ കസ്റ്റഡിയിൽ എടുക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) അറസ്റ്റുചെയ്ത പ്രതികൾക്കെതിരെ എന്തു നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) കേസ്സിന്റെ അന്വേഷണ ചുമതല ആർക്കാണ്; എന്നു മുതൽക്കാണ് ഈ ഏജൻസി അന്വേഷണ ചുമതല ഏറ്റെടുത്തത്; ഇതിനുമുമ്പ് കേസ്സന്വേഷണം നടത്തിയത് ആരായിരുന്നു; എന്തുകൊണ്ടാണ് പുതിയ ഏജൻസിക്ക് അന്വേഷണ ചുമതല കൈമാറിയത് എന്ന് വ്യക്തമാക്കുമോ;

(എഫ്) കേസ്സ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി സ്ഥലം എം.എൽ.എ.യും കൊലചെയ്യപ്പെട്ട യുവാക്കളുടെ രക്ഷിതാക്കളും മുഖ്യമന്ത്രിയോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കൊലചെയ്യപ്പെട്ട യുവാക്കളുടെ ആശ്രിതർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും ആശ്രിതർക്ക് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി കൈക്കൊള്ളുമോ;

(ഐ) കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും അതുവഴി കുറ്റവാളികളെ ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

(ബി) 1. തോമസ് മാത്യു. 2. ഉമേഷ് എന്നിവരാണ് കൊല ചെയ്യപ്പെട്ടത്.

(സി) 8 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. അജയ്കുമാർ, രാജു, ബാനർജി, ഗുരുകുമാർ, നവാസ്, സബിനേഷ്, റോയി, കെ.ജോർജ്ജ്,

LIBRARY ARCHIVES Kerala Legislative Assembly